Santhigiri

ഗുരുവാണി

"മതസിദ്ധാന്തങ്ങൾക്കെല്ലാം വെളിച്ചം പകർന്നിട്ടുള്ളത് ഗുരുക്കന്മാരാണ്. എല്ലാ മതസിദ്ധാന്തത്തിലും പെട്ട ആളുകൾ ഗുരുധർമ്മത്തിൽപ്പെട്ടാണ് "നിൽക്കുന്നത്. സകലസിദ്ധാന്തങ്ങൾക്കും വെളിച്ചം പകരാൻ പ്രാപ്തമായ "ഗുരു" എന്ന ആ ധർമ്മത്തെയാണ്, 'ഗുരു സകലധർമ്മാത്മ' എന്നു പറയുന്നത്."

# ഉമ്മിണിതങ്കം

VOL 04 | ISSUE 48 | 2018 നവംബർ 18 | 1194 വൃശ്ചികം 02

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# ആശ്രമം ഡയറക്ടർ ബോർഡ് തുടരും

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ചുമതലകൾ അടുത്തവർഷത്തേക്ക് മാറ്റമില്ലാതെ തുടരും. കഴിഞ്ഞ വർഷത്തെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ചുമതലകൾ 2018-19 വർഷവും തുടരാനുള്ള ഗുരുനിർദ്ദേശം നവംബർ 3 ൽ കൂടിയ ബോർഡ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച് സർവ്വാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാന തപസ്വി (പ്രസിഡന്റ്), സർവ്വാദരണീയ സ്വാമി പരിപൂർണ്ണ ജ്ഞാന തപസ്വി (വൈസ് പ്രസിഡന്റ്), സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വി (ജനറൽ സെക്രട്ടറി), സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി (ഓർഗനൈസിംഗ് സെക്രട്ടറി), സർവ്വാദരണീയ ജനനി നിർമ്മല ജ്ഞാന തപസ്വിനി (ഫിനാൻസ് സെക്രട്ടറി), സർവ്വാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാന തപസ്വി(ജോയിന്റ് സെക്രട്ടറി), സർവ്വാദരണീയ ജനനി പ്രതിഭ ജ്ഞാന തപസ്വിനി (ഡയറക്ടർ-അഡ്മിനിസ്ട്രേഷൻ), സർവ്വാദരണീയ സ്വാമി നവനന്മ ജ്ഞാന തപസ്വി (ഡയറക്ടർ-ടെക്നിക്കൽ), സർവ്വാദരണീയ ജനനി ഋഷിരത്ന ജ്ഞാന തപസ്വിനി(ഡയറക്ടർ-കോർഡിനേഷൻ), സർവ്വാദരണീയ സ്വാമി മഹിതൻ ജ്ഞാന തപസ്വി (ഡയറക്ടർ -സർവ്വീസസ്) എന്നിവർ ചുമതലയിൽ തുടരും.



സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി



സ്വാമി പരിപൂർണ്ണ ജ്ഞാനതപസ്വി



സ്വാമി ചൈതന്യ ജ്ഞാനതപസ്വി



സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി



സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി



സ്വാമി നവനന്മ ജ്ഞാനതപസ്വി



സ്വാമി മഹിതൻ ജ്ഞാനതപസ്വി

# ആയുർവേദ-സിദ്ധ പഠനശിബിരം ശ്രദ്ധേയമായി

**തിരുവനന്തപുരം:** ശാന്തിഗിരി ആരോഗ്യസംരക്ഷണ പദ്ധതിയുടെ ഭാഗമായി പട്ടം റോയൽ ബാങ്കറ്റ് ഹാളിൽ നവംബർ 15ന് നടന്ന അലോപ്പതി, ആയുർവേദ-സിദ്ധ മേഖലകളിലെ ഏകദിന പഠന ശിബിരം സംവിധായകനും നടനും ആശ്രമം അഡ്വൈസറി കമ്മറ്റി ജനറൽ കൺവീനറുമായ കെ. മധുപാൽ ഉദ്ഘാടനം ചെയ്തു. ആദരണീയരായ സ്വാമി ഗുരുസവിധ് ജ്ഞാന തപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാന തപസ്വി,സി.സി.ഐ.എം വൈസ് പ്രസിഡന്റ് ഡോ. വി.ബി. വിജയകുമാർ, ശാന്തിഗിരി തിരുവനന്തപുരം ഏരിയ ഓഫീസ് എ.ജി.എം. എസ്.സേതുനാഥ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു.

ശിബിരത്തിന്റെ ഭാഗമായി പ്രശസ്ത ന്യൂറോളജിസ്റ്റ് ഡോ. കെ.എൻ ശ്യാംപ്രസാദ് 'പോസ്റ്റ് സ്ട്രോക്ക് ആന്റ് ന്യൂറോളജിക്കൽ ഡിസോർഡേഴ്സ് മാനേജ്മെന്റ് ഇൻ ആയുർവേദ ആന്റ് സിദ്ധ' എന്ന വിഷയത്തെ ആസ്പദമാക്കി അലോപ്പതി വിഭാഗത്തിന്റെ കാഴ്ചപ്പാടിൽ ശുശ്രൂഷയും-പരിചരണവും എങ്ങനെ ചെയ്യണമെന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. ഡോ. കീർത്തി (ഹിന്ദ് ലാബ്)മോഡേൺ ടെക്നോളജി അനുസരിച്ചുള്ള രോഗ നിർണയത്തെക്കുറിച്ചും, സ്കാനിംഗ്, സി.ടി. എം.ആർ.ഐ. തുടങ്ങിയവയുടെ പ്രത്യേകതകളെക്കുറിച്ച് വിശദീകരിച്ചു.

ഡോ. റ്റി.കണ്ണൻ രാജാറാം (കന്യാകുമാരി) സിദ്ധ ശാസ്ത്രത്തെക്കുറിച്ചും, ഭാരതീയ സംസ്കാരങ്ങളിലെ സിദ്ധൻമാർ സംഭാവന ചെയ്തിട്ടുള്ള മർമ്മ ചികിത്സകളെക്കുറിച്ചും, മരുന്നുകളെക്കുറിച്ചും സംസാരിച്ചു.

തിരുവനന്തപുരം ആയുർവേദ കോളേജ് അസോസിയേറ്റ് പ്രൊഫസറും മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡും നേടിയ ഡോ.എസ് ഗോപകുമാർ ഈ വിഷയത്തെ സംബന്ധിച്ച് ആയുർവേദത്തിലുള്ള പ്രസക്തിയെയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. പഠന -ശിബിരത്തിൽപങ്കെടുത്ത നാനൂറോളം ഡോക്ടർമാർക്ക് ആയുർവേദത്തെ സംബന്ധിച്ച് അദ്ദേഹം വിശദമായ വിവരണം നൽകി.

ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം സിറ്റി ഏരിയ ഓഫീസാണ് പരിപാടി സംഘടിപ്പിച്ചത്. ശാന്തിഗിരി മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് എ.ജി.എം. ഇ. കെ. ഷാജി, ഡോ.ഉമ മേനോൻ എന്നിവർ ശാന്തിഗിരിയിൽ നിർമ്മിക്കുന്ന മരുന്നുകളെപറ്റി വിശദീകരിച്ചു.

ഡോ.എൻ.ജയശ്രീ, ഡോ. കെ.ജഗന്നാഥൻ എന്നിവരുടെ നേതൃത്വത്തിലുള്ള സയിന്റിഫിക്ക് കമ്മറ്റി ആണ് പഠനശിബിരം നിയന്ത്രിച്ചത്.

ഉപസംഹാര പ്രസംഗത്തിൽ സ്വാമി ഗുരുസവിധ് ജ്ഞാന തപസ്വി ശാന്തിഗിരി ആശ്രമത്തിൽ മരുന്നുകൾ നിർമ്മിക്കുന്ന രീതിയെക്കുറിച്ചും അതിനു പിന്നിലുള്ള ഗുരുവിന്റെ കാഴ്ചപ്പാടിനെക്കുറിച്ചും ഗുരു നൽകിയിട്ടുള്ള സന്ദേശം നിലനിർത്തിക്കൊണ്ട് നടക്കുന്ന മരുന്ന് നിർമ്മാണത്തെക്കുറിച്ചും വിശദീകരിച്ചു.



*ഏകദിന പഠന ശിബിരം ചലച്ചിത്ര സംവിധായകൻ മധുപാൽ ഉദ്ഘാടനം ചെയ്യുന്നു*

## ഓംകാരം സ്ഥാപിച്ചു

**വയനാട്:** ശാന്തിഗിരി ആശ്രമം സുൽത്താൻബത്തേരി ബ്രാഞ്ചിൽ നിലവിലെ പ്രതിഷ്ഠ പുതുക്കി പണിയുന്നതിന്റെ മുന്നോടിയായി പർണശാലയിൽ ഓംകാരം സ്ഥാപിച്ച് ആരാധന നടത്തി.

നവംബർ 15 വ്യാഴാഴ്ച രാവിലെ 9 മണിക്ക് ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വി കർമ്മം നിർവ്വഹിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ശാന്തിഗിരി ആശ്രമം വയനാട് ഏരിയ ഇൻചാർജ് ആദരണീയ സ്വാമി തനിമോഹനൻ ജ്ഞാന തപസ്വി, ആദരണീയ സ്വാമി വത്സലൻ ജ്ഞാന തപസ്വി എന്നിവരും നൂറുകണക്കിന് ആത്മബന്ധുക്കളും ചടങ്ങിൽ പങ്കെടുത്തു. പുതിയ പ്രതിഷ്ഠയുടെ വാർക്കൽ കർമ്മം വൃശ്ചികം1 (നവംബർ 17)ന് തൃശൂരിൽ ആരംഭിച്ചു.

# ഗുരുവാണി

നമുക്ക് ഒരു പുതിയ രീതി കിട്ടിയിരിക്കുകയാണ്. സത്യയുഗം, ത്രേതായുഗം, ദ്വാപരം, കലി ഇങ്ങനെ നാലു കാലങ്ങളും ഓരോ കാലത്തിനും അതിന്റേതായ ഒരു സ്വഭാവവും ഉണ്ട്. നാലു കാലങ്ങളിലെയും ധർമ്മങ്ങൾ നാലു വിധത്തിലാണ് പ്രവർത്തിക്കുന്നത്. സത്യയുഗത്തിൽ ആണും പെണ്ണും തെറ്റാതെ പ്രവർത്തിക്കും. മറ്റു മൂന്നു യുഗങ്ങൾക്കും കൂടിയുള്ള ദൈർഘ്യം സത്യയുഗത്തിനുണ്ട്. കാലത്തിന്റെയും കാലധർമ്മത്തിന്റെയും മാറ്റം ഈശ്വരനിശ്ചയമാണ്. അത് മനുസ്മൃതിയിലുണ്ട്. മനുപരമ്പരയിൽപ്പെട്ട് ദൈവസന്നിധി ആഗ്രഹിച്ചു പ്രവർത്തിച്ചവരുടെ മക്കളാണ് നാം, മനുഷ്യർ.

ഹിന്ദുമതത്തിന് വളരെ ദീർഘമായ ചരിത്രമുണ്ട്, കണക്കുണ്ട്. ഹിന്ദുമതത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ക്രിസ്തുമതത്തിന്റേത് വളരെ ചെറിയ ഒരു കണക്കാണ്. ഹിന്ദുമതം കേവലമൊരു മതം എന്നതിലുപരി അതൊരു സംസ്കാരമാണ്. നുഴഞ്ഞുകയറ്റക്കാരായ ബ്രാഹ്മണർ പഞ്ചനദീതീരങ്ങളിൽ വാസമുറപ്പിച്ചുകൊണ്ട് നമ്മുടെ ചരിത്രം പഠിച്ചു. അവർ ഈശ്വരനെ ബുദ്ധികൊണ്ടു കാണുന്നവരായിരുന്നു. അവർ ഇവിടെക്കണ്ടത് വഞ്ചനയില്ലാത്ത സത്യസന്ധരായ ഒരു വിഭാഗം ആൾക്കാരെയായിരുന്നു. അവർ എവിടെ വേണമെങ്കിലും കിടന്നുറങ്ങുന്നവരായിരുന്നു. കാലത്തിനു മാറ്റം സംഭവിച്ച സമയത്തായിരുന്നു അവർ വന്നു കയറിയത്. കാലം മാറിയതു കൊണ്ട് ദൈവത്തെ നേരിൽ കാണാൻ കഴിയാതെ വന്നു. അതുകൊണ്ട് അവർ കാട്ടിലും കടൽത്തീരത്തും പോയി ചക്രവാളത്തെനോക്കി പല രീതിയിൽ തപസ്സുചെയ്തു. പല വിധത്തിലുള്ള പ്രകാശവും രൂപങ്ങളും കണ്ടു. കണ്ടത്, മരത്തിലും കല്ലിലും കോറിയിട്ടു. അതിനെ മനസ്സിൽ കണ്ടുകൊണ്ട് ചിന്തിച്ചപ്പോൾ പ്രകാശത്തിൽ നിന്നും വാക്കുകൾ കിട്ടി. മന്ത്രങ്ങൾ കിട്ടി. മഹാത്മാക്കളായ ഋഷികൾ ഇങ്ങനെ ഓരോന്നു കണ്ടുപിടിച്ചു. പലതും ശിലകളിൽ കൊത്തിവച്ച് രൂപവും വർണവും കൊടുത്തു. പാശ്ചാത്യർ അതിനെ മനസെന്നു വിളിച്ചു. മനസെന്ന ബോധം. ബോധമെന്ന പ്രകാശം. അതാണു സത്യം. അതു സത്യമാണെന്നറിയാൻ നാം പഠിക്കണം. നാം സത്യത്തെ ബുദ്ധികൊണ്ടല്ല, കണ്ണുകൊണ്ട് അറിയുന്നവരാണ്. കുടിയേറിയ ബ്രാഹ്മണർ ഇവിടെ വന്ന് ഓരോന്നു പരിശീലിക്കാൻ തുടങ്ങി. അവർ ബുദ്ധിപൂർവ്വം രാജ്യം പഠിക്കാൻ തുടങ്ങി. കയ്യൂക്കുള്ള മുഠാളന്മാരെ അവർ രാജാക്കന്മാരാക്കി. ദൈവമാക്കി. അങ്ങനെ വിശ്വസിപ്പിച്ചു. ത്രേതായുഗവും ദ്വാപരയുഗവും അങ്ങനെ 'പ്രത്യക്ഷദൈവതങ്ങൾ' ഭരിച്ചു. ദ്വാപരത്തിൽ യഥാർത്ഥമായതിനെ പ്രത്യക്ഷപ്പെടുത്താൻ തുടങ്ങി. അവസാനം കൃഷ്ണൻ വന്നു. അതോടെ ഇതെല്ലാം ഉള്ളതാണെന്നും ഉള്ളതിനെക്കാട്ടാൻ ദൈവത്തിന് കഴിയുമെന്നും തെളിഞ്ഞു. ഇതു ചരിത്രമാണ്.

ചരിത്രം പഠിച്ച ആര്യന്മാർ ജാതി സൃഷ്ടിച്ചു. ചരിത്രപരമായി നോക്കുമ്പോൾ കലി ശൂദ്രന് അവകാശപ്പെട്ടതാണ്. അതായത് അവൻ ഭരണം കൈകാര്യം ചെയ്യാൻ അധികാരിയാണ്. മുക്തിക്ക് അവകാശിയാണ്. അപ്പോൾ ബുദ്ധിപൂർവ്വം അക്ഷരത്തിനു വരെ വിലവച്ചു. വൈദികം കൈയ്യിലെടുത്തു. എന്നിട്ട് ശൂദ്രനെക്കൊണ്ട് വൈശ്യനെ അടിപ്പിച്ചു. ഇതു കാലധർമ്മത്തിന്റെ ഗതിയെ തിരിച്ചുവിട്ടു. പകരം രണ്ടുമൂന്നു തലമുറയെങ്കിലും വൈശ്യൻ ശൂദ്രനെ അടിച്ചു. അങ്ങനെ ശൂദ്രൻ അടിമവേല ചെയ്ത് അറിവില്ലാത്തവൻ എന്ന പര്യായത്തിന്റെ അവകാശിയായി. പത്തു തലമുറയിലധികം തീണ്ടൽ കൽപ്പിക്കപ്പെട്ട് പരിവർജിക്കപ്പെട്ട ശൂദ്രവർഗം അടിമവേല ചെയ്ത് ആഹാരമില്ലാതെ കറുത്ത് അവശരായി, മഹാപാപിയായി, ഈശ്വരകോപത്തിന് പാത്രീഭൂതനായി.

കലിയുടെ അവസാനം രാജാവുണ്ടാകില്ല എന്നത് ഈശ്വരവിധിയാണ്. അല്ലായിരുന്നുവെങ്കിൽ ഇക്കാലമത്രയും രാജാവ് ഭരിക്കേണ്ടതായിരുന്നു. അങ്ങനെ ഓടിച്ചവനും ഓടിയവനും എല്ലാം ഒരുമിച്ചു കുഴിയിൽ വീണു. പിതൃത്വം നഷ്ടപ്പെടുത്തി. പിതൃത്വം നഷ്ടപ്പെട്ടവൻ ചത്ത്, കെട്ട്, ആ 'പിതൃ' അലഞ്ഞ് രാശി മാറി നിന്ന് തന്തയില്ലാത്ത കുട്ടികളെ ജനിപ്പിച്ചു. ഇതിനിടയിൽ അനവധി മഹാത്മാക്കൾ വന്ന്, ഈ വിധിവൈപരീത്യം നിങ്ങളൊന്നു കാണണം എന്നു പറഞ്ഞു. അപ്പോൾ ഈ തന്തയില്ലാത്ത മക്കൾ, ഈ മഹാനെ തന്തയില്ലാത്തവനേ എന്നു വിളിച്ച് അടിച്ചോടിച്ചു. അങ്ങനെ മുസ്ലീങ്ങളെക്കൊണ്ട് ഇവിടം ഭരിപ്പിച്ചു.

## വചനദീപ്തി

*"ഓരോ വീടും ഓരോ വിദ്യാലയമാണ്*
*മാതാപിതാക്കൾ അദ്ധ്യാപകരും"*

\- **മഹാത്മാഗാന്ധി**-

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

22.11.2018 – ശാന്തിപുരം, രത്നഗിരി

23.11.2018 – ആനന്ദപുരം

## യാമപ്രാർത്ഥന

2018 നവംബർ 22, വ്യാഴം
12.00 pm – 3.00 pm

## പ്രകാശപഥം

# എല്ലാത്തിന്റെയും എല്ലാമായി നിൽക്കുന്ന ഗുരു

ചേർത്തലയിൽ ജനിച്ച നാൾ മുതൽ നമ്മുടെ ഗുരു സഞ്ചരിച്ചുപോയ അനേകസ്വഭാവങ്ങൾ നമുക്കറിയാം. ഇതൊക്കെ ത്യാഗത്തിൽ നിന്നുതിരുന്ന ഓരോ പ്രകാശങ്ങൾ, ഈ പ്രകാശങ്ങൾ ആത്മീയമായിട്ടും അതിന്റെ ഭൗതികവശത്തും പ്രവർത്തിച്ച് സ്ഥൂല-സൂക്ഷ്മങ്ങളിലും ഓരോ ഗോളാന്തരങ്ങളിലും എത്തിക്കേണ്ടതാണ്. സങ്കല്പാതീതമായ കർമം. ഇതാണ് 'സങ്കൽപം കർമമാനസ, ഗുരു സാക്ഷാത് പരബ്രഹ്മം' എന്നൊക്കെ പറയുന്ന ഭാഗം. പരൻ എവിടെയാണെന്ന് അന്വേഷിച്ചുപോകുന്ന ഭിക്ഷാംദേഹികളും സന്ന്യാസിമാരും ദൈവത്തെ തേടിയലയുന്ന അനേകസ്വഭാവികളും ഇതുതന്നെയാണ് പറയുന്നത്. ഇങ്ങനെ പോകുന്ന വഴികളിൽ ഗുരു സഞ്ചരിച്ച പാത – ഗുരുപ്രകാശത്തിൽക്കൂടി സഞ്ചരിച്ചുപോകുകയാണ്. ആ പ്രകാശം, ബ്രഹ്മനിശ്ചയം ലോകം മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ആ ഒന്നിൽ വേറിട്ട് ഗുരുവിനെ നിർത്തിയിരിക്കുന്നുവെന്നും എല്ലാത്തിന്റെയും എല്ലാമായി ഗുരു നിൽക്കുന്നുവെന്നും കാണിച്ചു തരികയും ചെയ്യുന്നു. ആത്മപ്രകാശത്തിന്റെ രഹസ്യവലയങ്ങൾ, ആ രഹസ്യത്തിൽ ഒരു ദർശനസ്വഭാവം നമ്മൾ കാണുമ്പോൾ, ആ ദർശനത്തിൽക്കൂടി നാം അലിഞ്ഞലിഞ്ഞ് ചേരുകയാണ്. എന്റെ ജീവനും എന്റെ രക്തവും എന്റെ മാംസവും പഞ്ചഭൂതങ്ങളിലടങ്ങിയിരിക്കുന്ന സർവ്വതും ലയനാത്മകമായ സ്വഭാവത്തിൽ അതിലേക്ക് ലയിച്ചു ലയിച്ചുപോകുന്ന സ്വഭാവത്തിൽ അവസ്ഥകളുണ്ട്.

ഒരു ദിവസം, നാലഞ്ചു വർഷത്തിനുമുമ്പ്, ഒരാളിവിടെ വന്നപ്പോൾ ഈ പ്രകാശങ്ങളുടെ കണക്കും മറ്റു കാര്യങ്ങളും ഒക്കെ പറഞ്ഞു. പക്ഷെ അതൊക്കെ ഒരു പരിധിയിലുള്ള പ്രകാശത്തിന്റെ സ്വഭാവങ്ങളാണ്. ഞാൻ ചെറുതിലേ തന്നെ ഗുരു ആരാണ്, ഗുരുവെന്താണ്, ഗുരുവെന്തെന്നറിഞ്ഞില്ലെങ്കിലുള്ള അബദ്ധത്തെക്കുറിച്ച് മനഃപൂർവ്വം മനസ്സുകൊണ്ട് ഞാൻ ദൈവത്തോട്-എന്നു പറഞ്ഞാൽ ഗുരുവിന്റെ രൂപത്തോടു തന്നെ, ആ ബ്രഹ്മനിശ്ചയത്തോടുതന്നെ സകല ഭാവനാമന്ത്രങ്ങളോടെ ചോദിക്കുമായിരുന്നു. അങ്ങനെ ചോദിച്ചു ചോദിച്ച് സമയവും കാലവും കഴിയുമായിരുന്നു. രാവിലെ ആറിന്റെ ആരാധനയ്ക്ക് ഇരുന്നാൽ ചിലപ്പോൾ വൈകിട്ട് ഒരു മണിക്ക് എഴുന്നേറ്റിട്ടുണ്ട്. അങ്ങനത്തെ സമയങ്ങളുണ്ട്. സഞ്ചരിച്ചുകൊണ്ടിരിക്കുന്ന രീതിയിൽ ഗുരുവും പ്രകാശവും നാമും ആ വഴിയെ സഞ്ചരിക്കുമ്പോൾ ഗുരുവിന്റെ നിശ്ചയദാർഢ്യത്തിന്റെ വിവിധ സ്വഭാവങ്ങളിലുള്ള പ്രകാശവലയത്തിന്റെ അല്ലെങ്കിൽ ബ്രഹ്മനിശ്ചയത്തിന്റെ സ്വഭാവത്തിൽ കെടാവിളക്കായി നിൽക്കുന്ന ഓരോ ദൃശ്യങ്ങളും ആ ദൃശ്യത്തിന്റെ സ്ഫുരണങ്ങളും നമ്മുടെ ഉള്ളിൽ തട്ടിയിട്ട് ഇതിൽ നിന്ന് മാറാൻ പറ്റാതെ ഇതിൽ പൊതിഞ്ഞു നിൽക്കുന്ന ഒരു സ്വഭാവം; പിന്നെ ബാഹ്യമായ യാതൊരുവിധ ചിന്തയും കാണില്ല. അതിൽ നിന്ന് പൊട്ടിവരാൻ വളരെ പാടുപെടുകയും ചെയ്യും. അത് ഭക്തിയുടെ ഒരവസ്ഥാന്തരമാണ്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ജീവിതത്തിന്റെ ഒസ്യത്ത്

ഇന്നു ജീവിതമെന്നു പറയുന്നത് അളവുതൂക്കങ്ങളുടെ കണക്കിൽ കൂടുതൽ കുറവുകളുടെ നിലയിലാണു പരിഗണിക്കപ്പെടുന്നത്. മൂല്യങ്ങളെക്കുറിച്ചു പറയുന്നതുതന്നെ വിവരക്കേടായിട്ടാണു ചിലരെങ്കിലും കരുതുന്നത്. അവരോട് മഹാത്മാക്കളുടെ ത്യാഗജീവിതത്തെക്കുറിച്ചു പറഞ്ഞാൽ പുറമേക്ക് അംഗീകരിച്ചേക്കാമെങ്കിലും അകമേ അവജ്ഞയിൽ കുതിർന്ന ചിരി ശ്രദ്ധിച്ചാൽ മുഖത്ത് പ്രത്യക്ഷമാകും. കാരണം അവരെ സംബന്ധിച്ചിടത്തോളം ത്യാഗം അല്ലെങ്കിൽ സ്നേഹം ഒരറിവുകേടോ ബലഹീനതയോ ആയിട്ടാണു ധരിച്ചുവശായിരിക്കുന്നത്. എന്തുചെയ്തും പൊന്നോ പണമോ നേടി ആഡംബര ജീവിതം നയിക്കലാണ് അത്തരക്കാരുടെ ഇംഗിതം. പൊന്നിനും പണത്തിനും ആഡംബരങ്ങൾക്കുമപ്പുറം ജീവിതത്തിനു ചില മാനങ്ങളുണ്ടെന്ന് അവരറിയുന്നില്ല. അഥവാ അറിഞ്ഞാൽത്തന്നെയും അതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യങ്ങളല്ല എന്ന ഭാവത്തിലാണവർ. കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അവരുടെ ശരി അവരുടെ ശരിതന്നെയാണ്. തെറ്റ് തെറ്റുമാണ്. തെറ്റിനും ശരിക്കുമിടയിലെ സത്യം ആരറിയുന്നു? ആരന്വേഷിക്കുന്നു! തെറ്റിലെ ശരിയും ശരിയിലെ തെറ്റും അന്വേഷിച്ചുപോകുമ്പോഴാണു മഹാത്മാക്കൾ ഉണ്ടാകുന്നത്. അതുകൊണ്ടാണു മഹാത്മാക്കൾ സത്യാന്വേഷികളാണെന്നു പറയുന്നത്.

ഒരാളുടെ തെറ്റ് മറ്റൊരാളുടെ ശരിയാവാം. വേറൊരാളുടെ ശരി ഇനിയൊരാളുടെ തെറ്റുമാകാം. ശരിയും തെറ്റും ആപേക്ഷികമാണെന്നു പറയുന്നതിന്റെ പൊരുൾ ഇതാണ്.

വാസ്തവത്തിൽ മനുഷ്യജീവിതത്തിലെ അനുഭവവശം മറ്റെന്തിനേക്കാളും പ്രസക്തമാണ്.

"അനുഭവമാദിയിലൊന്നിരിക്കിലല്ലാ-
തനുമിതിയില്ലിതു മുന്നമക്ഷിയാലേ
അനുഭവിയാതതുകൊണ്ടു ധർമിയുണ്ടെ-
ന്നനുമിതിയാലറിവീലറിഞ്ഞിടേണം" –

എന്നു ശ്രീനാരായണ ഗുരു സ്വാമികൾ അനുഭവത്തിന്റെ പ്രസക്തിയെ അടിവരയിട്ടു പറയുന്നു. അനുഭവം എന്നു പറയുമ്പോൾ കാണുന്നതും കേൾക്കുന്നതും അറിയുന്നതും പറയുന്നതുമെല്ലാം അനുഭവമാണ്. ഇതിനുപുറമെയാണ് അനുഭൂതിദായകമായ ആത്മീയവശത്തെ അനുഭവങ്ങൾ. ഇതെല്ലാം കൂടിച്ചേരുന്നിടത്താണ് മനുഷ്യജീവിതത്തിന്റെ നിറവ്. അല്ലെങ്കിൽ ഇതെല്ലാം ചേരുന്നതാണ് ജീവിതം. ഇതിൽ ആത്മീയവശത്തിനു പ്രസക്തി ഏറെയാണ്. എന്തുകൊണ്ടെന്നാൽ ആത്മീയത സർവതലസ്പർശിയായിനിൽക്കുന്ന ജീവിതത്തിന്റെ ഒസ്യത്താണ്.

ദൈവം ഉണ്ടോ ഇല്ലയോ എന്നെല്ലാമുള്ള തർക്കത്തിന്റെ കാലം കഴിഞ്ഞു. പേരുപറഞ്ഞ് അറിയുന്നതും അല്ലാതെ അറിയുന്നതുമായിട്ടുള്ള സകലതും ഉള്ളതാണെന്ന് ഇന്ന് ഏറെക്കുറെ എല്ലാവർക്കും ബോധ്യമുണ്ട്. ഒരു ദേവനെയോ ദേവിയെയോ ആണെങ്കിൽപ്പോലും അനുഭവിച്ചറിയാൻ കഴിയുന്നു. പിശാചിനെപ്പോലും അനുഭവിച്ചറിയുന്നു. എല്ലാം ഈശ്വരമയം, തൂണിലും തുരുമ്പിലും ദൈവമിരിക്കുന്നു എന്നെല്ലാം പറഞ്ഞ് ഒരുമാതിരി സോഷ്യലിസം പറഞ്ഞൊപ്പിക്കുന്ന രീതിയിൽ ആത്മീയതയും ദൈവവിശ്വാസവും കൊണ്ടുപോയാൽ എന്താകുമെന്നു പറയാൻ പറ്റില്ല.

മാറ്റത്തിന് ഒരു വഴി തുറന്നുകിട്ടണം. ഇവിടെയാണു ശാന്തിഗിരിയുടെ പ്രസക്തി. ശാന്തിഗിരി മാറ്റത്തിന്റെ വഴിയാണ്. ഇന്നോളംവന്ന യാതൊന്നിന്റെയും തുടർച്ചയല്ല അത്. കാലത്തിന്റെ, കാലധർമ്മത്തിന്റെ വഴിയാണ്. കാലാന്തരഗുരുവിന്റെ വഴിയാണ്. കാലത്തിനു മുമ്പേ നടക്കുന്നവരുടെ വഴിയാണ്. കാലാന്തരങ്ങളെ പ്രകാശിപ്പിക്കുന്ന വഴിയാണ്. ഇതിലെ പോകുന്നവരും കാലാന്തരങ്ങളെ പ്രകാശിപ്പിക്കുന്നു. മാറ്റത്തിനു നിലകൊള്ളുന്ന ജീവിതം തീർച്ചയായും കാലാന്തരങ്ങളെ പ്രകാശിപ്പിക്കുന്നു.



*വായനക്കളരി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

# ശാന്തിഗിരി വിദ്യാഭവനിൽ വായനക്കളരി

**എജ്യുക്കേഷൻ സോൺ:** വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'വായനക്കളരി' പദ്ധതിക്ക് തുടക്കമായി. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വിദ്യാർത്ഥി പ്രതിനിധി യു.ഇ അജിത്തിന് മലയാള മനോരമ പത്രം നൽകി പദ്ധതി ഉദ്ഘാടനം ചെയ്തു. നാലാഞ്ചിറ സ്റ്റെപ്പ് ജംഗ്ഷനിലെ മഡോണ ഡിസൈനേഴ്സ് & സ്റ്റിച്ചിംഗ് സെന്ററിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. നവംബർ 12ന് നടന്ന പരിപാടിയിൽ സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാന തപസ്വി, ഡപ്യൂട്ടി അഡ്വൈസർ എ. രാധമ്മ, വൈസ് പ്രിൻസിപ്പൽ എസ്.എം സ്മിജേഷ്, അധ്യാപകരായ ബിജുകുമാർ സി.ആർ, ബിന്ദു നന്ദന, ദീപ്തി എസ് വിദ്യ, എസ്.എസ് ദീപ, പി ഗിരീഷ്, സ്റ്റിച്ചിംഗ് സെന്റർ ഡയറക്ടർ ശീതൾ ജെ. മെലേറ്റ്, മനോരമ സർക്കുലേഷൻ സീനിയർ ഇൻസ്പെക്ടർ ജി. ദീപു തുടങ്ങിയവർ പങ്കെടുത്തു.

# വിദ്യാഭവനിൽ സ്പോർട്സ് ഡേ നടത്തി

**എജ്യുക്കേഷൻ സോൺ:** നാളെയുടെ കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ കിന്റർ ഗാർട്ടൻ സ്പോർട്സ് ഡേ സംഘടിപ്പിച്ചു. നവംബർ 9ന് സ്കൂൾ ഗ്രൗണ്ടിൽ നടന്ന സ്പോർട്സ് മീറ്റിൽ 25 മീറ്റർ ഓട്ടം, ക്രിക്കറ്റ് ബോൾ ത്രോ, തവളച്ചാട്ടം, 50 മീറ്റർ റിലേ എന്നീ മത്സരയിനങ്ങളിലായി നിരവധി കുട്ടികൾ പങ്കെടുത്തു. വിജയികൾക്ക് സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാന തപസ്വി സമ്മാനം വിതരണം ചെയ്തു.




*സ്പോർട്സ് ഡേ വിജയികൾക്കുള്ള സമ്മാനവിതരണത്തിൽ നിന്ന്*




*ശബരിമലയിലേക്ക് സേഫ്ടി ടീം യാത്രതിരിക്കുന്നു*

# ശാന്തിഗിരി സേഫ്ടി ടീം ശബരിമലയിലേക്ക്

**റിസർച്ച് സോൺ :** 'ശബരിമല സേഫ് സോൺ പ്രോജക്ട് 2018–19' ഭാഗമായി (വൃശ്ചികം ഒന്നുമുതൽ മകരം ഒന്നു വരെ) ശാന്തിഗിരി സേഫ്ടി ഡിപ്പാർട്ടുമെന്റ് ആംബുലൻസും അത്യാവശ്യ മെഡിക്കൽ സേവനവും സേഫ്ടി സഹായവും നൽകുന്നതിന് നവംബർ 17ന് ശബരിമലയിലെത്തി.

രഞ്ജിത് എ (ഡ്രൈവർ), രാജീവ് ജി (ഡ്രൈവർ), ഗോപകുമാർ ബി (ഡ്രൈവർ), വിഷ്ണു, ജി.എസ് (എക്സിക്യൂട്ടീവ്, സേഫ്ടി), സേഫ്ടി അസിസ്റ്റന്റുമാരായ ശ്രീജിത് എസ്, ഷാമിൻരാജ് എന്നിവരാണ് സേഫ്ടി സംഘത്തിലുള്ളത്.

# പരിശീലനം നൽകി

**സ്പിരിചൽ സോൺ :** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആശ്രമത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സേവനം ചെയ്യുന്ന അസിസ്റ്റന്റ് മാനേജർ മുതൽ സീനിയർ മാനേജർ വരെയുള്ള ഉദ്യോഗസ്ഥർക്കായി ട്രെയിനിംഗ് സംഘടിപ്പിച്ചു.

നവംബർ 16, 17 തീയതികളിൽ നടത്തിയ ട്രെയിനിംഗിന് ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റ് സീനിയർ ജനറൽ മാനേജർ ഡോ.കെ.ആർ.എസ് നായർ നേതൃത്വം നൽകി. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗാ സയൻസിന്റെ ക്ലാസ്സും ട്രെയിനിംഗിനോടനുബന്ധിച്ച് നടന്നു.



*ഡോ.കെ.ആർ.എസ് നായർ ട്രെയിനിംഗ് ക്ലാസ് നയിക്കുന്നു*



*കെ.എസ്.ഇ.ബി ശാന്തിഗിരി വിദ്യാഭവനിൽ സീനിയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച പവർ ക്വിസ് മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ എസ്.എസ് അഭിരാം, രണ്ടാം സ്ഥാനം നേടിയ മനുശ്രീ ജെ.ആർ*

# യോഗാ ക്ലാസ്സ് ആരംഭിച്ചു

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗാ സയൻസിന്റെ നേതൃത്വത്തിൽ യോഗാപരിശീലന ക്ലാസ്സ് ആരംഭിച്ചു. ശാന്തിഗിരി ഗുരുകാന്തിയിൽ നവംബർ 11ന് രാവിലെ ആരംഭിച്ച ക്ലാസ്സ് ജനനി സുപഥ ജ്ഞാന തപസ്വിനി ഉദ്ഘാടനം ചെയ്തു.

ജനനി പ്രാർത്ഥന ജ്ഞാന തപസ്വിനി, പി. പി ബാബു, എം.പി പ്രമോദ് തുടങ്ങിയവർ പങ്കെടുത്തു. ട്രെയിനർ എൻ. ശ്രുതിയുടെ നേതൃത്വത്തിൽ നടന്ന ക്ലാസ്സിൽ മുപ്പതിലധികം പേർ പങ്കെടുത്തു.

# ദിവംഗതരായി

**കോഴിക്കോട്:** പൂവാട്ട് പറമ്പ് പട്ടോണത്തിൽ ദാമോദരൻ. എം.പി (74) നവംബർ 13ന് ദിവംഗതനായി. സംസ്ക്കാരം നടന്നു.

ഭാര്യ : രാധ എം.പി മക്കൾ : സിന്ധുലക്ഷ്മി എം.പി (ടീച്ചർ, എസ്.വി.ബി.എസ്.എസ്. എസ്), ചിത്രേഷ് എം.പി മരുമകൻ: പ്രശാന്ത്.



*ദാമോദരൻ.എം.പി*

**കോഴിക്കോട്:** പുതിയങ്ങാടി മേക്കോട്ട് പറമ്പ് നിർമ്മലത്തിൽ കാഞ്ചന എ.കെ (74) നവംബർ 13ന് ദിവംഗതയായി. സംസ്ക്കാരം നടന്നു. ഭർത്താവ് : ദിവംഗതനായ കെ.കൃഷ്ണൻ

മക്കൾ : ദിവംഗതനായ പ്രദീപൻ.കെ.കെ, ശശാങ്കൻ കെ.കെ, കിഷോർ കെ.കെ, മഹിജ.കെ.കെ.



*കാഞ്ചന എ.കെ*

# ലോകമത പാർലമെന്റിൽ ശാന്തിഗിരിയും



ലോകമതപാർലമെന്റ് പ്രസിഡന്റ് ഓഡ്രി കിറ്റഗാവയ്ക്ക് ആശ്രമത്തിന്റെ ഉപഹാരം ശശികുമാർ എം.ഡി നൽകുന്നു

**ടൊറന്റോ:** 'അഹിംസ, ലോക സമാധാനം, സ്നേഹം,അംഗീകാരം' എന്നിവയ്ക്ക് ഊന്നൽ നൽകി ന്യൂയോർക്കിലെ ടൊറന്റോയിൽ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിച്ച ലോകമത പാർലമെന്റ് വിവിധ രാജ്യങ്ങളിലെ ആത്മീയ നേതാക്കളുടെ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. 80 ലോകരാഷ്ട്രങ്ങളിൽനിന്ന് പതിനായിരത്തോളം പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ ശാന്തിഗിരി ആശ്രമത്തെ പ്രതിനിധീകരിച്ച് അഡ്വൈസറി കമ്മിറ്റി ഡെപ്യൂട്ടി ജനറൽ കൺവീനറും വേൾഡ് പാർലമെന്റ് ഓഫ് റിലീജിയന്റെ ഇന്ത്യൻ അംബാസിഡറുമായ ശശികുമാർ എം.ഡി (ശാന്തനൻ) പങ്കെടുത്തു.

മുൻ കനേഡിയൻ പ്രധാനമന്ത്രി കിം കാമ്പ്ബെൽ, ടൊറന്റോ കർദിനാൾ തോമസ് കോളിൻസ്, പ്രശസ്ത എഴുത്തുകാരൻ മാർഗരറ്റ് ആറ്റ് വുഡ് തുടങ്ങി ലോകത്തെ ഇരുന്നൂറിലധികം ആത്മീയനേതാക്കൾ സംബന്ധിച്ച സമ്മേളനത്തിൽ ഇന്ത്യയിൽനിന്നും സ്വാമി അഗ്നിവേശ്, സ്വാമിനി ആദിത്യാനന്ദസരസ്വതി, വന്ദനാ ശിവ എന്നിങ്ങനെ നിരവധി പ്രമുഖർ പങ്കെടുത്തു. പാർലമെന്റ് സമ്മേളനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രത്യേക അഹിംസാ അവാർഡിന് ഇന്ത്യയിൽ നിന്നുള്ള പരമാർഥ് നികേതൻ പ്രസിഡന്റ് സ്വാമി ചിദാനന്ദ് സരസ്വതി അർഹനായി. ആശ്രമത്തിന്റെ ശാന്തിസന്ദേശം ആലേഖനം ചെയ്ത സ്മരണിക ലോകമത പാർലമെന്റിന്റെ പുതിയ പ്രസിഡന്റ് ഓഡ്രി കിറ്റഗാവയ്ക്ക് ശശികുമാർ എം.ഡി കൈമാറി. ലോകപ്രശസ്തരായ ആത്മീയാചാര്യന്മാരെ പരിചയപ്പെടാൻ സാധിച്ചത് മറക്കാനാവാത്ത അനുഭവമാണെന്ന് അദ്ദേഹം അറിയിച്ചു. ഇനിമുതൽ രണ്ടുവർഷത്തിലൊരിക്കൽ ലോകമതപാർലമെന്റ് സംഘടിപ്പിക്കും. കാനഡയിലെ ഹാൾട്ടൻ മലയാളീസ് അസോസിയേഷന്റെ കേരളപ്പിറവി സാംസ്കാരികോത്സവത്തിലും ശശികുമാർ എം.ഡി പങ്കെടുത്തു. ആശ്രമത്തിന്റെ സമാധാന മൊമന്റോ ഡയറക്ടർ ബിൻസ് മണ്ഡപത്തിന് നൽകി.

# മദ്യവർജ്ജന സമിതി പുരസ്ക്കാരം ശാന്തിഗിരി വിദ്യാഭവന്

**എജ്യുക്കേഷൻ സോൺ:** സംസ്ഥാന മദ്യവർജ്ജന സമിതി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഈ വർഷത്തെ പുരസ്ക്കാരം ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ലഭിച്ചു. ഡിസംബർ 30ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ പുരസ്ക്കാരം സമ്മാനിക്കും. സമിതി കേരളമൊട്ടാകെ നടത്തിവരുന്ന ലഹരിവിരുദ്ധ പ്രഭാഷണ പരമ്പരയുടെ ഭാഗമായി വിദ്യാഭവനിൽ സംഘടിപ്പിച്ച പരിപാടി ആറ്റിങ്ങൽ ഡി.വൈ.എസ്.പി പി.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന മദ്യവർജ്ജന സമിതി പ്രസിഡന്റ് എം റസീഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കവി കുന്നത്തൂർ ജെ പ്രകാശ് ലഹരിവിരുദ്ധ സന്ദേശം നൽകി. സർവ്വാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാന തപസ്വി, സാമൂഹ്യ പ്രവർത്തകൻ സലിം കുഞ്ചാലുംമൂട്, നാടൻ പാട്ട് കലാകാരൻ അജിത് തോട്ടക്കാട്, എം.പി പ്രമോദ് എന്നിവർ ആശംസ അർപ്പിച്ചു. സംസ്ഥാന മദ്യവർജ്ജന സമിതി സെക്രട്ടറി റസൽ സബർമതി സ്വാഗതവും നല്ലപാഠം കൺവീനർ ബിന്ദു നന്ദന കൃതജ്ഞതയും രേഖപ്പെടുത്തി.



ലഹരിവിരുദ്ധ പരിപാടി ഡി.വൈ.എസ്.പി പി.അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

## വിവാഹിതരായി



കൊല്ലം ചാത്തന്നൂർ ഇടനാട് ശ്രീവിഹാറിൽ ബി.പ്രേംകുമാറിന്റെയും ലേഖ പ്രേംകുമാറിന്റെയും മകൻ ശ്രീകുമാറും കൊട്ടാരക്കര എഴുകോൺ ഇടയ്ക്കിടം നിർമ്മലത്തിൽ എൻ സൗന്ദർരാജന്റെയും സുലഭ സൗന്ദർ രാജന്റെയും മകൾ ഗുരുപ്രിയയും നവംബർ 14 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



പാലക്കാട് ചിറ്റൂർ കന്നിമേരി തണ്ണിക്കുണ്ട് വീട്ടിൽ ദിവംഗതനായ കാശുവിന്റെയും ലക്ഷ്മിയുടെയും മകൻ കെ.ജയനും നെയ്യാറ്റിൻകര വ്ളാത്താൻകര വാണിയക്കുടി വന്ദനത്തിൽ ആർ മുരുകന്റെയും സുനി മുരുകന്റെയും മകൾ പ്രമീള എസ് മുരുകനും നവംബർ 14 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



സ്വാമി ഭക്തദത്തൻ ജ്ഞാന തപസ്വി

## പുതിയ ഇൻചാർജ്

**സ്പിരിച്വൽ സോൺ:** നവംബർ 12 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ആദരണീയ സ്വാമി ഭക്തദത്തൻ ജ്ഞാന തപസ്വിക്ക് ശാന്തിഗിരി ആശ്രമം ന്യൂഡൽഹി സോണൽ ഓഫീസിന്റെ ഇൻചാർജ് ആയി ചുമതല നൽകി.





ഗുരുചരണം ശരണം

ആശംസകളോടെ....

**സുഖം ഏജൻസീസ്**

**പരവൂർ**

**ഹോൾസെയിൽ ഡീലേഴ്സ്**

വെളിച്ചെണ്ണ, സൺഫ്ളവർ ഓയിൽ,
വിളക്കെണ്ണ, സോഫ്റ്റ് ഡ്രിംഗ്സ്

പ്രൊപ്രൈറ്റർ : രാജേഷ് ആർ 9744384877


ഈ ലോകം.. ഇവിടെ ചില മനുഷ്യർ — വാമനപുരം മണി




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala